(സി) കമ്പനിക്ക് ആവശ്യമായ അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ഡി) ഐ.ആർ.ഇ.യുടെ പ്രവർത്തനം പുനരാരംഭിക്കുവാനുള്ള തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ; തടസ്സങ്ങൾ പരിഹരിക്കുന്നതിനായി നടപടി സ്വീകരിക്കുമോ ; ഇല്ലെങ്കിൽ ഇതിനുള്ള കാരണം വിശദമാക്കുമോ ?

ഉത്തരം

(എ) കേന്ദ്ര സർക്കാരിന്റെ ആണവോർജ്ജ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിലുള്ള പൊതുമേഖലാ സ്ഥാപനമായ ഐ.ആർ.ഇ.എൽ.-ന്റെ പ്രവർത്തനങ്ങൾ സംസ്ഥാന സർക്കാർ പ്രത്യേകമായി വിലയിരുത്തിയിട്ടില്ല.

(ബി) ഇല്ല. എന്നാൽ ഐ.ആർ.ഇ.യുടെ പ്രധാന അസംസ്കൃത വസ്തുവായ ധാതുമണൽ വേണ്ടത്ര അളവിൽ ലഭിക്കാത്തതിനാൽ കമ്പനിയുടെ ഉൽപ്പാദനം ഗണ്യമായി കുറഞ്ഞതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി&ഡി) ഐ.ആർ.ഇ.എൽ.-ന്റെ ഖനന പ്രവർത്തനങ്ങൾക്കെതിരായി തദ്ദേശവാസികൾ ഉന്നയിക്കുന്ന തടസ്സങ്ങൾ, കമ്പനി ഏറ്റെടുക്കാനുദ്ദേശിക്കുന്ന ഭൂമിയുടെ വില സംബന്ധിച്ചുള്ള തർക്കം, തദ്ദേശവാസികൾക്ക് കമ്പനിയിൽ ജോലി നൽകണമെന്ന അവകാശവാദത്തിനോടുള്ള കമ്പനിയുടെ വിയോജിപ്പ് എന്നിവമൂലം കമ്പനിക്ക് കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനുള്ള അളവിൽ അസംസ്കൃത വസ്തു ലഭ്യമല്ലാത്ത സാഹചര്യമാണുള്ളത്. മേൽ പ്രശ്നങ്ങൾ പരിഹരിക്കാൻ വിവിധതലങ്ങളിൽ ചർച്ചകൾ നടത്തിയെങ്കിലും ഇതിന് വേണ്ടത്ര ഫലപ്രാപ്തിയുണ്ടായിട്ടില്ല. തദ്ദേശവാസികളെ വിശ്വാസത്തിലെടുത്തു കൊണ്ട് മേൽ പ്രശ്നങ്ങൾക്ക് ശാശ്വതമായ പരിഹാരം കാണുന്നതിനുള്ള ശ്രമങ്ങൾ സംസ്ഥാന സർക്കാർ തുടർന്നുവരുന്നു.

ബ്രഹ്മോസ് എയ്റോസ്പേസ് ലിമിറ്റഡിലെ ഉൽപ്പാദനം

187 (6638) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബ്രഹ്മോസ് എയ്റോസ്പേസ് ലിമിറ്റഡ്, ചാക്ക എന്ന സ്ഥാപനത്തിൽ 2012-13, 2013-14 സാമ്പത്തിക വർഷങ്ങളിൽ എത്ര രൂപയുടെ ഉല്പാദനം നടത്തിയിട്ടുണ്ട് എന്ന് വർഷത്തിന്റെ അടിസ്ഥാനത്തിലുള്ള കണക്കുകൾ ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത സ്ഥാപനം 2012-13, 2013-14 സാമ്പത്തിക വർഷങ്ങളിൽ ലാഭത്തിലാണോ പ്രവർത്തിച്ചിരുന്നത് ; എങ്കിൽ ഓരോ വർഷത്തേയും ലാഭം/നഷ്ടം കണക്കുകൾ ലഭ്യമാക്കാമോ ;

(സി) 2008 മുതൽ ഇതുവരെ കമ്പനിയുടെ സഞ്ചിത നഷ്ടം എത്രയാണ് ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 2012-ൽ ഉദ്ഘാടനം ചെയ്ത മിസൈൽ ഇന്റഗ്രേഷൻ സെന്ററിൽ 2013-14 വർഷത്തിൽ എത്ര രൂപയുടെ ഉത്പാദനം നടന്നു; 2012 ജനുവരി മുതൽ 2012 ഡിസംബർ വരെയുള്ള മാസങ്ങളിൽ ഓരോ മാസവും നടന്ന ഉത്പാദനമെത്രയാണ് എന്ന് വിശദമാക്കാമോ;

(ഇ) കമ്പനിയിലെ റിക്രൂട്ട്മെന്റ് വ്യവസ്ഥകൾ എങ്ങനെയെന്ന് വെളിപ്പെടുത്താമോ; റിക്രൂട്ട്മെന്റിൽ സംവരണം പാലിക്കുന്നുണ്ടോ;

(എഫ്) ജീവനക്കാരുടെ വിരമിക്കൽ പ്രായം 60 വയസ്സാക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും തീരുമാനം ഡയറക്ടർ ബോർഡ് കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ എപ്പോൾ നടപ്പിലാക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2013-14 സാമ്പത്തിക വർഷത്തെ കണക്കെടുപ്പും ഓഡിറ്റും നടന്നുകൊണ്ടിരിക്കുകയാണ്. 2012-13 സാമ്പത്തിക വർഷത്തിൽ 25.95 കോടി രൂപയുടെ വില്പന നടത്തിയിട്ടുണ്ട്.

(ബി) 2013-14 സാമ്പത്തിക വർഷത്തെ കണക്കെടുപ്പും ഓഡിറ്റും നടന്നുകൊണ്ടിരിക്കുകയാണ്. 2012-13 സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് ചെയ്യപ്പെട്ട കണക്കനുസരിച്ച് കമ്പനിയുടെ ഉൽപ്പാദനം 2011-12 വർഷത്തെക്കാൾ 42.26% ത്തോളം വർദ്ധിച്ചെങ്കിലും കമ്പനിക്ക് 3.24 കോടി രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്.

(സി) 2012-13 ഓഡിറ്റ് ചെയ്ത വർഷത്തെ കണക്കുപ്രകാരം കമ്പനിയുടെ സഞ്ചിതനഷ്ടം 20.09 കോടി രൂപയാണ്.

(ഡി) മിസൈൽ ഇന്റഗ്രേഷൻ സെന്റർ 2012 നവംബറിൽ ഉത്ഘാടനം ചെയ്യപ്പെടുകയും 2013 ഫെബ്രുവരിയിൽ ആദ്യ വില്പന നടത്തുകയുമുണ്ടായി. 2013 കലണ്ടർ വർഷത്തിൽ മിസൈൽ ഇന്റഗ്രേഷൻവഴി 2.13 കോടി രൂപയുടെ മൂല്യവർദ്ധന ഉണ്ടായിട്ടുണ്ട്. ആയത് ബി.എ.ടി.എൽ.-ന്റെ വരുമാനത്തിൽ മുതൽക്കൂട്ടാവുകയും ചെയ്തിട്ടുണ്ട്.

(ഇ) കമ്പനിയുടെ ഒഴിവുകൾ നികത്തുന്നതിന് അനുയോജ്യരായ ഉദ്യോഗാർത്ഥികളിൽനിന്ന് അപേക്ഷകൾ ക്ഷണിച്ചുകൊണ്ടുള്ള പരസ്യം പ്രമുഖ ദിനപത്രങ്ങളിലും കമ്പനി വെബ്സൈറ്റിലും പ്രസിദ്ധീകരിക്കാറുണ്ട്. സാങ്കേതിക വിദഗ്ദ്ധരടങ്ങിയ സമിതി നടത്തുന്ന അഭിമുഖത്തിൽ പ്രകടന മികവിനനുസരിച്ചാണ് ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നത്. കമ്പനി സംസ്ഥാന സർക്കാരിന് കീഴിലുള്ള സ്ഥാപനമല്ലാത്തതിനാൽ സംവരണനയം പാലിക്കുന്നില്ല.

(എഫ്) ജീവനക്കാരുടെ വിരമിക്കൽപ്രായം 58-ൽനിന്നും 60 വയസ്സാക്കുന്ന കാര്യം കമ്പനിയുടെ ബോർഡ് ഓഫ് ഡയറക്ടേഴ്സ് ചർച്ച ചെയ്യുകയും ഇതു സംബന്ധിച്ച് ഒരു തീരുമാനം കമ്പനി ലാഭത്തിലായതിനുശേഷം മതിയെന്ന് നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly